**കേരള വനം വകുപ്പ്**

**തൃശ്ശൂർ സുവോളജിക്കൽ പാർക്ക്**

**(കിഫ്ബി പ്രോജക്ട് )**

**എസ്. പി. വി. 2 /2024-25** **തീയതി: 19-02-2025**

**വിവിധ തസ്തികകകളിൽ കരാർ നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു**

**തൃശ്ശൂർ സുവോളജിക്കൽ പാർക്കിനെപ്പറ്റി.**

തൃശ്ശൂർ പട്ടണത്തിൽ പ്രവർത്തിക്കുന്ന. നിലവിലെ മൃഗശാല തൃശ്ശൂർ പട്ടണത്തിൽ നിന്നും 12 കിലോമീറ്റർ അകലെ പുത്തൂർ എന്ന സ്ഥലത്തു വനഭൂമിയിലിലേക്കു മാറ്റി വനം വകുപ്പിന്റെ കീഴിൽ സുവോളജിക്കൽ പാർക്ക് ആയി സ്ഥാപിക്കുന്നതിനുള്ള തീരുമാനം 2012-ൽ സംസ്ഥാന സർക്കാർ എടുത്തിരുന്നു. 2016-17- ലെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതി വിഹിതത്തോടൊപ്പം കിഫ്ബി ധന സഹായത്തോടെ പദ്ധതി നിർവ്വഹണത്തിനുള്ള തീരുമാനം ഉണ്ടായി. തുടർന്ന് 2018 വർഷം കേന്ദ്ര വനം മന്ത്രാലയത്തിന്റെയും, സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെയും അനുമതിയോടെ 136.28 ഹെക്ടർ വനഭൂമിയിൽ പണികൾ ആരംഭിച്ചു.

മൃഗങ്ങളെ പാർപ്പിക്കുന്നതിനായി വിശാലമായ 23 ആവാസയിടങ്ങൾ, വിസ്തൃതമായ പാർക്കിങ്, റിസപ്ഷൻ കേന്ദ്രം, കഫെറ്റീരിയ, സർവീസ് റോഡുകൾ, സന്ദർശക പാതകൾ, ജലവിതരണ സംവിധാനം, വൈദ്യുതി വിതരണം, സീവേജ് ട്രീറ്റ് മെന്റ്, ആസ്ഥാന മന്ദിരവും ക്വാർട്ടേഴ്സുകളും, വെറ്റിനറി ഹോസ്പിറ്റൽ സമുച്ചയം, കിച്ചൻ സമുച്ചയം, മഴവെള്ള സംഭരണികൾ, ചുറ്റുമതിൽ, കംഫർട്ട് സ്റ്റേഷനുകൾ , ട്രാം സ്റ്റേഷനുകൾ, ലാൻഡ്സ്കേപ്പിങ്, പൂന്തോട്ട നിർമാണം എന്നിവയാണ് പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. സെൻട്രൽ പി.ഡബ്ല്യൂ. ഡി, കേരള പോലീസ് ഹൗസിങ് കൺസ്ട്രക്ക്ഷൻ കോർപറേഷൻ, കേരള വാട്ടർ അതോറിറ്റി എന്നീ ഏജൻസികളാണ് പദ്ധതിയുടെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നത്. തൃശൂർ മൃഗശാലയിൽ നിലവിലുള്ള എല്ലാ മൃഗങ്ങളെയും പാർപ്പിക്കുന്നതോടൊപ്പം ഇന്ത്യയിലെ മറ്റു മൃഗശാലകളിൽ നിന്നും, വിദേശത്തുനിന്നും മൃഗങ്ങളെ കൊണ്ടുവരുന്നുണ്ട്. സിംഹം, പുലി, കടുവ, വിവിധയിനം മാനുകൾ, കരിംകുരങ്ങ്, സിംഹവാലൻ കുരങ്ങ്, മുതല, ചീങ്കണ്ണി, വിവിധയിനം ഉരഗങ്ങൾ, ഉഭയജീവികൾ, രാത്രീഞ്ചര ജീവികൾ, ജിറാഫ് , സീബ്രാ, വിവിധയിനം പക്ഷികൾ, കരടികൾ, വരയാട്, കുറുക്കൻ, കാട്ടുപട്ടി, കഴുതപ്പുലി, ഹിപ്പോ എന്നീ ജീവികളെയാണ് പാർക്കിൽ പരിപാലിക്കേണ്ടത്.

ഓസ്ട്രേലിയയിൽ നിന്നുള്ള വിദഗ്ധനായ ജോൺ കോ യുടെ നേതൃത്വത്തിൽ ആധുനിക രീതിയിൽ തയ്യാറാക്കിയിട്ടുള്ളെ രൂപ കല്പനയിലാണ് സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുന്നത്. വൃക്ഷവത്കരണവും പൂന്തോട്ട നിർമാണവും ഈ

പദ്ധതിയുടെ പ്രധാന ഘടകമാണ്. പദ്ധതി പ്രദേശത്തെ 9 മേഖലകളായി തിരിച്ചാണ് ഈ ജോലികൾ നിർവഹിക്കുന്നത്. സെൻട്രൽ പി. ഡബ്ല്യൂ. ഡി യുടെ മേൽനോട്ടത്തിൽ ലാൻഡ്സ്കേപ്പിങ് ജോലികൾ പുരോഗമിക്കുന്നു. ഇതോടൊപ്പം എസ്.പി.വി യുടെ നേതൃത്വത്തിൽ പതിനയ്യായിരം വനവൃക്ഷ തൈകൾ, പതിനായിരം മുളകൾ, പതിനായിരം പനകൾ എന്നിവയും വെച്ചുപിടിപ്പിക്കുന്നുണ്ട്. പദ്ധതി നിർവഹണം ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്.

കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ആനിമൽ കീപ്പർ ട്രെയിനിമാർ, സെക്യൂരിറ്റി ജീവനക്കാർ, സാനിറ്റേഷൻ ജീവനക്കാർ എന്നീ വിഭാഗങ്ങളിൽ കരാർ നിയമനങ്ങൾ നടത്തുന്നതിനാണ് ഈ പരസ്യം പ്രസിദ്ധപ്പെടുത്തുന്നത്.

**പൊതുവായ വിവരങ്ങൾ:**

1. ഓരോ തസ്തികക്കുമുള്ള വിദ്യാഭ്യാസ യോഗ്യതകൾ, മുൻ ജോലി പരിചയം, പ്രായപരിധി, കരാർ വേതനം, നിയമന കാലാവധി ശാരീരിക യോഗ്യതകൾ, മെഡിക്കൽ സ്റ്റാൻഡേർഡ്സ്, അപേക്ഷ ഫോറം എന്നിവ പ്രത്യേകമായി ഈ പരസ്യത്തോടൊപ്പം ചേർത്തിട്ടുണ്ട്.
2. **തെരഞ്ഞെടുപ്പ് രീതി**. അപേക്ഷരിൽ പ്രാഥമികമായി എല്ലാ യോഗ്യതകളും ഉള്ളവരുടെ ചുരുക്കപട്ടിക തയാറാക്കും. ഇവരിൽ നിന്നും അഭിമുഖത്തിന്റെ യും പ്രാക്ടിക്കൽ ടെസ്റ്റ് ആവശ്യമുള്ള തസ്തികകളിൽ ആയതിന്റെയും അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയാറാക്കി പ്രസിദ്ധപ്പെടുത്തും. ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തും.
3. **മെഡിക്കൽ സർട്ടിഫിക്കറ്റുകൾ** : മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ, ആവശ്യമായ തസ്തികകകളിൽ മേൽ സർട്ടിഫിക്കറ്റുകൾ നിയമന സമയത്തു മാത്രം ഹാജരാക്കിയാൽ മതിയാകും.
4. **അപേക്ഷ സമർപ്പിക്കേണ്ട വിധം** : ഓരോ തസ്തികക്കുമുള്ള അപേക്ഷ ഫോറം ഈ പരസ്യത്തിന്റെ അനുബന്ധമായി കേരള വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ വിവരം പത്ര മാധ്യമത്തിലൂടെ അറിയിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യുന്ന അപേക്ഷ പൂരിപ്പിച്ചു ഫോട്ടോ, സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകൾ എന്നിവ സഹിതം കവറിലിട്ടു താഴെപ്പറയുന്ന അഡ്രസ്സിൽ അയക്കണം. അപേക്ഷകൾ നേരിട്ടും thrissurzoologicalpark@gmail.com എന്ന ഇ-മെയിലിലും സ്വീകരിക്കുന്നതാണ്. സർട്ടിഫിക്കറ്റുകളുടെ അസ്സൽ അഭിമുഖ സമയത്തു ഹാജരാക്കണം.

ഡയറക്ടർ
തൃശ്ശൂർ സുവോളജിക്കൽ പാർക്ക്
പുത്തൂർ പി. ഓ
കുരിശുമൂലക്കു സമീപം
തൃശ്ശൂർ-680014
കേരളം.
E-mail:thrissurzoologicalpark@gmail.com

5. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 07-03-2025** വൈകുന്നേരം 5 മണിവരെ. യാണ് എല്ലാ തസ്തികക്കുമുള്ള അവസാന സമയം. താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണ വശാലും സ്വീകരിക്കുന്നതല്ല.
6. കൂടുതൽ വിവരങ്ങൾക്ക് **9447979176** എന്ന ഫോൺ നമ്പറിൽ ഓഫീസ് പ്രവൃത്തി സമയത്തു ബന്ധപ്പെടാവുന്നതാണ്.

**കാറ്റഗറി 1**

**<u>ആനിമൽ കീപ്പർ ട്രെയിനിമാർ</u>**

I. **ജോലിയുടെ സ്വഭാവവും, ഉത്തരവാദിത്വങ്ങളും.**

പാർക്കിലെ വിവിധയിനം ജീവികളുടെ ആവാസവ്യവസ്ഥ, ഭക്ഷണരീതി, രോഗങ്ങൾ, പ്രജനന രീതി, മറ്റു സ്വഭാവങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ശാസ്ത്രീയമായ അറിവും പ്രായോഗിക ജ്ഞാനവും നേടുകയാണ് പ്രധാന ലക് ഷ്യം. ഇതിന്റെ ഭാഗമായി വിവിധ മൃഗശാലകളിൽ പരിശീലനത്തിൽ പങ്കെടുക്കുക, പാർക് അധികാരികൾ നൽകുന്ന നിർദേശങ്ങൾ പാലിച്ചു ഏൽപ്പിക്കുന്ന ജോലികൾ നിർവഹിക്കുക, പൊതുജന സമ്പർക്ക പരിപാടികളിൽ പങ്കെടുക്കുക, എൻക്ലോഷറുകൾ വൃത്തിയായും അരോഗ്യകരമായും സംരക്ഷിക്കുക, രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക, മൃഗങ്ങൾക്കുള്ള വിവിധയിനം ഭക്ഷണങ്ങൾ തയ്യാറാക്കുക എന്നീ വിവധ മേഖലകളിൽ പരിശീലന സമയത്തു അവഗാഹം നേടണം. ഈ വിഷയത്തിൽ വെറ്റിനറി ഓഫീസർ, ക്യൂറേറ്റർ, സൂപ്പർവൈസർ മറ്റു മേലധികാരികൾ എന്നിവരുടെ മേൽനോട്ടത്തിൽ സ്വതന്ത്ര ചുമതലയും വഹിക്കേണ്ടി വരും.

**II. യോഗ്യതകൾ**

1. വിദ്യാഭ്യാസ യോഗ്യത : ഏഴാം ക്ലാസ് പാസ്സായിരിക്കണം. ഡിഗ്രി ഉണ്ടാകാൻ പാടില്ല.

2. ശാരീരിക യോഗ്യതകൾ : പുരുഷന്മാർക്ക് കുറഞ്ഞത് 163 സെന്റിമീറ്റർ ഉയരവും 81 സെന്റിമീറ്റർ നെഞ്ചളവും പൂർണമായി ശ്വാസമെടുക്കുമ്പോൾ 5 സെന്റിമീറ്റർ വികസനവും ഉണ്ടാകണം. സ്ത്രീകൾക്ക് കുറഞ്ഞത് 150 സെന്റിമീറ്റർ ഉയരം ഉണ്ടാകണം. ആദിവാസിവിഭാഗത്തിൽ പെട്ടവർക്ക് ഉയരത്തിൽ 5 സെന്റിമീറ്ററും നെഞ്ചളവിൽ 2.5 സെന്റിമീറ്ററും ഇളവ് ഉണ്ടായിരിക്കും. എന്നാൽ നെഞ്ചളവ് വികസനം 5 സെന്റിമീറ്റർ തന്നെ ഉണ്ടായിരിക്കണം.

3. മെഡിക്കൽ സ്റ്റാൻഡേർഡ്സ്:

| | | |
|---|---|---|
| i. | ചെവി | പൂർണമായും കേൾവി ശക്തി ഉണ്ടായിരിക്കണം |
| ii. | കണ്ണ് | കണ്ണട ഉപയോഗിക്കാതെ കാഴ്ച സംബന്ധിച്ചു താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സാക്ഷ്യപ്പെടുത്തിയിക്കണം |
| | (a) ദൂരക്കാഴ്ച | 6/6 സ്നേല്ലെൻ (snellen) |
| | (b) അടുത്ത കാഴ്ച | 0.5 സ്നേല്ലെൻ (snellen) |
| | (c) കളർ വിഷൻ | സാധാരണ |
| | (d)നൈറ്റ് ബ്ലൈൻഡ് നെസ്സ് | ഉണ്ടാകരുത് |
| iii. | മസിലുകളും സന്ധികളും | പരാലിസിസ് ഉണ്ടാകരുത്. സന്ധികൾ സ്വതന്ത്രമായി ചലിക്കണം (No paralysis and all joints with free movements.) |
| iv. | നാഡിവ്യൂഹം (Nervous system) | Perfectly normal. Free from any infectious disease. |

*കുറിപ്പ്: ആരോഗ്യമാനദണ്ഡം സംബന്ധിച്ചു ഗവണ്മെന്റ് സർവീസിൽ അസിസ്റ്റന്റ് സർജനിൽ കുറയാത്ത ഓഫീസറുടെ സർട്ടിഫിക്കറ്റ് ജോലിയിൽ ചേരുന്ന സമയത്തു ഹാജരാക്കണം.*

III. **പ്രായം**: അപേക്ഷകർ 2025 ജനുവരി 1 നു 28 വയസ്സ് കഴിയാത്തവരായിരിക്കണം. പട്ടിക ജാതി, പട്ടിക വർഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്ക് പ്രായത്തിൽ അംഗീകൃത ഇളവ് ലഭിക്കും.

IV. **ഒഴിവുകൾ** : 6 എണ്ണം.

V. **വേതനവും നിയമന കാലാവധിയും** : ട്രെയിനിമാരായി കരാർ അടിസ്ഥാനത്തിൽ 2 വർഷത്തേക്കാണ് നിയമനം. ആദ്യവർഷം പ്രതി മാസം 12000/- രൂപയും രണ്ടാം വര്ഷം പ്രതിമാസം 15000/- രൂപയും ലഭിക്കും .

**കാറ്റഗറി 2**

**സെക്യൂരിറ്റി ജീവനക്കാർ.**

**I . യോഗ്യതകൾ:**

1. വിദ്യാഭ്യാസ യോഗ്യത : എസ്.എസ്.എൽ.സി. അല്ലെങ്കലിൽ തത്തുല്യമായ പരീക്ഷ പാസായിരിക്കണം.

2. മറ്റു യോഗ്യതകൾ : ആർമി/നേവി/എയർ ഫോഴ്സ് എന്നീ സേന വിഭാഗങ്ങളിൽ 10 വർഷത്തിൽ കുറയാത്ത മിലിറ്ററി സേവനം /

അല്ലെങ്കിൽ കേരളം വനം വകുപ്പിൽ ബീറ്റ് ഫോറസ്ററ് ഓഫീസർ /സെക്ഷൻ ഫോറസ്ററ് ഓഫീസർ തസ്തികയിൽ ഏതിലെങ്കിലുമോ, രണ്ടിലും കൂടിയോ പത്തു വർഷത്തിൽ കുറയാത്ത ജോലി പരിചയം.

II. **പ്രായം**: സൈനിക സേവനം കഴിഞ്ഞ അപേക്ഷകർ 2025 ജനുവരി 1 നു 55 വയസ്സ് കഴിയാത്തവരായിരിക്കണം. വനം വകുപ്പിലെ ജോലി പരിചയം ഉള്ളവർ 2025 ജനുവരി 1 നു 60 വയസ്സ് കഴിയാത്തവരായിരിക്കണം. ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതല്ല.

III . **ഒഴിവുകൾ** : 5 (അഞ്ച്)

IV. **വേതനവും നിയമന കാലാവധിയും** : കരാർ അടിസ്ഥാനത്തിൽ 1 വർഷത്തേക്കാണ് നിയമനം. പ്രതിമാസ കരാർ വേതനം 21,175 രൂപയായിരിക്കും.

**കാറ്റഗറി 3**

**സാനിറ്റേഷൻ ജീവനക്കാർ**

I. **ജോലിയുടെ സ്വഭാവവും, ഉത്തരവാദിത്വങ്ങളും.**

പാർക്കിലെ വിവിധ കെട്ടിടങ്ങൾ, അവയിലെ ടോയ്‌ലറ്റുകൾ, മുറ്റവും പരിസരവും, പാർക്കിംഗ് ഏരിയ, റിസപ്ഷൻ കേന്ദ്രം, മൃഗങ്ങളെ പാർപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ, ഗാർഡനുകൾ, സന്ദർശക പാതകൾ, റോഡുകൾ എന്നിവ ഉൾപ്പെടെയുള്ള

പ്രദേശങ്ങൾ ഓരോ ഏരിയയുടെയും സ്വഭാവനമനുസരിച്ചുള്ള ശുചീകരണ ഉപകരണങ്ങൾ ഉപയോഗിച്ചു വൃത്തിയാക്കുക; ഇതിന്റെ ഭാഗമായി ശേഖരിക്കുന്ന ചപ്പുചവറുകൾ, മാലിന്യ നിക്ഷേപ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന വസ്തുക്കൾ എന്നിവ ഇതിനായി തയ്യാറാക്കിയിട്ടുള്ള സംസ്കരണ സ്ഥലത്തു എത്തിക്കുക; കൂടെക്കൂടെ വൃത്തിയാക്കൽ ആവശ്യമായി വരുന്ന ഗ്ലാസ് മേൽക്കൂരകൾ, ജനൽ , കതകുകൾ എന്നിവ വൃത്തിയാക്കുക;ഓഫീസ് പരിസരത്തുള്ള ചെടികൾ സംരക്ഷിക്കുക ; ഹോസ്പിറ്റൽ സമുച്ചയം, വിവിധ കിച്ചണുകൾ, ക്വാറന്റൈൻ കേന്ദ്രം എന്നിവ ശുചിയാക്കുക തുടങ്ങി മേലധികാരികൾ ആവശ്യപ്പെടുന്ന അനുബന്ധ ജോലികൾ.

**II. യോഗ്യതകൾ**

1. വിദ്യാഭ്യാസ യോഗ്യത : ഏഴാം ക്ലാസ് പാസ്സായിരിക്കണം. ഡിഗ്രി ഉണ്ടാകാൻ പാടില്ല.

2. മറ്റു യോഗ്യതകൾ : കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സാനിറ്ററി വർക്കർ, ഫുൾ ടൈം /പാർട്ട് ടൈം സ്വീപ്പർ തസ്തികകളിലെ ജോലി പരിചയം അഭികാമ്യം.

III. **പ്രായം**: അപേക്ഷകർ 2025 ജനുവരി 1 നു 45 വയസ്സ് കഴിയാത്തവരായിരിക്കണം. ഉയർന്ന പ്രായ പരിധിയിൽ ഇളവ് ലഭിക്കുന്നതല്ല.

.

IV. **ഒഴിവുകൾ** : 5 എണ്ണം.

V. **വേതനവും നിയമന കാലാവധിയും** : കരാർ അടിസ്ഥാനത്തിൽ 1 വർഷത്തേക്കാണ് നിയമനം. പ്രതിമാസ കരാർ വേതനം 18390/- രൂപയായിരിക്കും.

(ഒപ്പ്)

ചീഫ് കൺസർവേറ്റർ ഓഫ്
ഫോറെസ്റ്, തൃശ്ശൂർ &
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ.

# അനുബന്ധം

## വിവിധ തസ്തികകൾക്കുള്ള അപേക്ഷ ഫോറം

**തൃശ്ശൂർ സുവോളജിക്കൽ പാർക്ക്, പുത്തൂർ**

**കാറ്റഗറി 1**

**<u>ആനിമൽ കീപ്പർ ട്രെയിനിമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷാഫാറം</u>.**

| അടുത്ത കാലത്തെടുത്ത കളർ ഫോട്ടോ |
|---|

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | അഡ്രസ് | |
| 3 | സ്ഥിരമായി താമസിക്കുന്ന ജില്ല | |
| 4 | സ്ഥിരമായി താമസിക്കുന്ന പഞ്ചായത്ത്/ മുനിസിപ്പാലിറ്റി /കോർപറേഷൻ | |
| 5 | മൊബൈൽ നമ്പർ | |
| 6 | ഇ മെയിൽ ഐ ഡി (ഉണ്ടെങ്കിൽ) | |
| 7 | ജനന തീയതിയും 01-01-2025-ലെ പ്രായവും | |
| 8 | ഏതു ലിംഗത്തിൽപ്പെടുന്നു (പുരുഷൻ/സ്ത്രീ/മറ്റു വിഭാഗം ) | |
| 9 | നിലവിലെ വിദ്യാഭ്യാസ യോഗ്യത | |
| 10 | വിദ്യാഭ്യാസ യോഗ്യത സംബന്ധിക്കുന്ന രേഖ | |
| 11 | പഠിച്ച വിദ്യാലയത്തിന്റെ പേരും അഡ്രസ്സും | |
| 12 | ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു? | |

| | | |
|---|---|---|
| | (പട്ടിക ജാതി /പട്ടിക വർഗം/മറ്റു പിന്നാക്ക വിഭാഗം/പൊതു വിഭാഗം) | |
| 13 | പ്രായ പരിധി ഇളവ് ലഭിക്കുവാൻ ഹാജരാക്കുന്ന രേഖ | |
| 14 | ഇപ്പോൾ ചെയ്യുന്ന ജോലി | |
| 15 | അനിമൽ കീപ്പർ ജോലി ഇഷ്ടപ്പെടുവാൻ കാരണം ( അമ്പത് വാക്കുകളിൽ) | |

*നോട്ട്: 1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രായ ഇളവ് , എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം.*

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

തീയതി.

**തൃശ്ശൂർ സുവോളജിക്കൽ പാർക്ക്, പുത്തൂർ**

**കാറ്റഗറി 2**

**<u>സെക്യൂരിറ്റി ജീവനക്കാരെ  കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷാഫാറം</u>.**

അടുത്ത കാലത്തെടുത്ത
കളർ ഫോട്ടോ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | അഡ്രസ് | |
| 3 | സ്ഥിരമായി താമസിക്കുന്ന ജില്ല | |
| 4 | മൊബൈൽ നമ്പർ | |
| 5 | ഇ മെയിൽ ഐ ഡി (ഉണ്ടെങ്കിൽ) | |
| 6 | ജനന തീയതിയും 01-01-2025-ലെ പ്രായവും | |
| 7 | നിലവിലെ വിദ്യാഭ്യാസ യോഗ്യത | |
| 8 | വിദ്യാഭ്യാസ യോഗ്യത സംബന്ധിക്കുന്ന രേഖ | |
| 9 | പഠിച്ച വിദ്യാലയത്തിന്റെ പേരും അഡ്ഡ്രസ്സും | |
| 10 | മിലിറ്ററി സർവീസ് ചെയ്ത സേന വിഭാഗം (ആർമി/നേവി/എയർ ഫോഴ്സ്) | |
| 11 | മിലിറ്ററി സർവീസ് കാലവും (എന്നു മുതൽ എന്നു വരെ) അകെ സേവന ദൈർഘ്യവും (വർഷത്തിൽ) | |
| 12 | മിലിറ്ററി സർവീസിൽ നിന്നും വിടുതൽ ചെയ്യുവാനുണ്ടായ സാഹചര്യം. | |

| | | |
|---|---|---|
| 13 | ബീറ്റ് ഫോറസ്ററ് ഓഫീസർ /സെക്ഷൻ ഫോറസ്ററ് ഓഫീസർ തസ്തികയിൽ ജോലി ചെയ്ത കാലവും (എന്നു മുതൽ എന്നു വരെ) അകെ സേവന ദൈർഘ്യവും (വർഷത്തിൽ) | |
| 14 | വനം വകുപ്പിൽ നിന്നും നിന്നും വിടുതൽ ചെയ്യുവാനുണ്ടായ സാഹചര്യം. | |
| 15 | ഇപ്പോൾ ചെയ്യുന്ന ജോലി | |
| 16 | തൃശ്ശൂർ സുവോളജിക്കൽ പാർക്കിൽ സെക്യൂരിറ്റി ജീവനക്കാരനായി ജോലിക്കു അപേക്ഷിക്കുവാനുള്ള കാരണം (നൂറു വാക്കുകളിൽ) | |

*നോട്ട്: 1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം.*

*2. മിലിറ്ററി സർവീസ് വ്യക്തമാക്കുന്ന രേഖയുടെ /സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി*

*3. വനം വകുപ്പിൽ ജോലി ചെയ്ത രേഖയുടെ/സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി*

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

തീയതി.

**തൃശ്ശൂർ സുവോളജിക്കൽ പാർക്ക്, പുത്തൂർ**

**കാറ്റഗറി 3**

**<u>സാനിറ്റേഷൻ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷാഫാറം</u>.**

അടുത്ത കാലത്തെടുത്ത കളർ ഫോട്ടോ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | അഡ്രസ് | |
| 3 | സ്ഥിരമായി താമസിക്കുന്ന ജില്ല | |
| 4 | സ്ഥിരമായി താമസിക്കുന്ന പഞ്ചായത്ത്/ മുനിസിപ്പാലിറ്റി /കോർപറേഷൻ | |
| 5 | മൊബൈൽ നമ്പർ | |
| 6 | ഇ മെയിൽ ഐ ഡി (ഉണ്ടെങ്കിൽ) | |
| 7 | ജനന തീയതിയും 01-01-2025-ലെ പ്രായവും | |
| 8 | ഏതു ലിംഗത്തിൽപ്പെടുന്നു (പുരുഷൻ/സ്ത്രീ/മറ്റു വിഭാഗം ) | |
| 9 | നിലവിലെ വിദ്യാഭ്യാസ യോഗ്യത | |
| 10 | വിദ്യാഭ്യാസ യോഗ്യത സംബന്ധിക്കുന്ന രേഖ | |
| 11 | പഠിച്ച വിദ്യാലയത്തിന്റെ പേരും അഡ്രസ്സും | |
| 12 | ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു? | |

| | | |
|---|---|---|
| | (പട്ടിക ജാതി /പട്ടിക വർഗം/മറ്റു പിന്നാക്ക വിഭാഗം/പൊതു വിഭാഗം) | |
| 13 | ഇപ്പോൾ ചെയ്യുന്ന ജോലി | |
| 14 | സാനിറ്റേഷൻ ജോലി ജോലി ഇഷ്ടപ്പെടുവാൻ കാരണം ( അമ്പത് വാക്കുകളിൽ) | |

*നോട്ട്: 1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രായ ഇളവ് , എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം.*

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

തീയതി.